പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 31 — 30.11.2015-ൽ മറുപടിക്ക്.

## അടൂരിൽ സബ് കോടതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) അടൂരിൽ സബ് കോടതി അനുവദിക്കുന്നതു സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ നിലവിലുള്ള സ്ഥിതി വിവരം വിശദമാക്കുമോ; നിലവിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കാലവിളംബത്തിന് കാരണം വെളിപ്പെടുത്തുമോ;<br><br>(ബി) അടൂരിൽ സബ് കോടതി അടിയന്തിരമായി അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (എ)യും, (ബി)യും) 20.09.2011 തീയതിയിലെ സ.ഉ (സാധാ) നമ്പർ 2811/2011/ആഭ്യന്തരം പ്രകാരം അടൂരിൽ സബ് കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 06.07.2009-ലെ സ.ഉ (സാധാ) നമ്പർ 1919/09/ആഭ്യന്തരം പ്രകാരമുള്ള പരിഗണന പട്ടികയിൽ ക്രമ നമ്പർ 11-ായി ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള പരിഗണന ലിസ്റ്റിൽ നിന്നും കരുനാഗപ്പള്ളി, കണ്ണൂർ, ചാവക്കാട് എന്നിവിടങ്ങളിൽ സബ് കോടതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ അഡീഷണൽ സബ് കോടതി മാറ്റി ചെങ്ങന്നൂർ സബ് കോടതി ആയിട്ടുണ്ട്. ആകയാൽ നിലവിലുള്ള പരിഗണന പട്ടികയിൽ നിന്നും സബ് കോടതി ചെങ്ങന്നൂരിനെ ഒഴിവാക്കാവുന്നതാണ്. കൂടാതെ ഇപ്പോൾ സ.ഉ (കൈ) നമ്പർ 238/2015/ആഭ്യന്തരം തീയതി 19.11.2015 പ്രകാരം പുനലൂരിൽ സബ് കോടതി ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആകയാൽ ഇനി ഫലത്തിൽ പരിഗണന പട്ടികയിൽ 6-ാമതാണ് അടൂർ സബ് കോടതി.മുൻഗണനക്രമമനുസരിച്ചും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും മാത്രമേ കോടതി ആരംഭിക്കുന്നത് സാധ്യമാവുകയുള്ളു. |

Hema.V

സെക്ഷൻ ഓഫീസർ